2

**ദൈവം ഉണ്ടോ?**
**ഉണ്ട്, എങ്ങനെയെല്ലാം നമുക്ക് വിശദമാക്കാം ...**

# പ്രപഞ്ചത്തിന്റെ ക്രമം

യാദൃശ്ചികമായി ഉണ്ടാകാൻ സാധ്യതയില്ലാത്ത, ശ്രദ്ധാപൂർവ്വം ഉള്ള വ്യവസ്ഥ പ്രപഞ്ചത്തിലുള്ളതു അതിന്റെ പിന്നിലെ ഒരു ബുദ്ധിയുള്ള മനസ്സിനെ കാണിക്കുന്നു. ആകസ്മികമായ സംഭവങ്ങളല്ല പ്രപഞ്ചത്തിൽ ദൃശ്യമാകുന്നതു, മറിച്ചു ആക്രമത്തെയാണ്. അതു ഒരു കയോസ് അല്ല കോസ്മോസ് ആണ്.[1] അതിലേക്ക് തയാറെടുപ്പിന്റെ തെളിവുകളാണ്, അതു ഒരു തയ്യാറെടുപ്പുകാരനെ വ്യക്തമാക്കുന്നു. മനസ്സില്ലാതെ ഏർപ്പാട് സാധ്യമല്ല. അതുകൊണ്ട്, ദൈവശാസ്ത്രത്തെ (സാധാരണയിലുപരി) സ്വീകരിക്കുന്നതിനുള്ള ഏറ്റവും വലിയ രണ്ടാമത്തെ കാരണമാണ് ഏർപ്പാട്.

### അക്ഷരമാല എഴുത്തുകൾ

ഒരാൾ ഒരു സൂപ്പിന്റെ കാൻ തുറക്കുമ്പോൾ അക്ഷരമാല എഴുത്തുകൾ,[2] കാണുന്നു എങ്കിൽ, അതുണ്ടാക്കിയ ഒരാളെ ചിന്തിച്ചേക്കാം. ഒരാൾ ആ അക്ഷരമാലകൾ എടുത്തു ഒരു പാത്രത്തിലിട്ടാൽ, അവ ഒരു പദ്യമായിത്തീരുവാനോ, ഇരുപത്തി - മൂന്നാം സങ്കീർത്തനം ആകുവാനോ സാധ്യതയില്ല. ആ അക്ഷരമാലകൾ പദ്യമാകുന്നതിനുമുമ്പു - പാസ്ത യിൽ പാചകം ചെയ്യാത്തതായ - ഒരു മാനസിക ശക്തി വേണം. അതു പോലെ ഒരു പദാർത്ഥ പുസ്തകമോ ടെലഫോൺ ഡയറക്ടറിയോ പ്രസിൽ യാദൃശ്ചികമായിട്ടല്ല. അക്ഷരമാലയും സംഖ്യയും സംയോജിപ്പിക്കുന്ന ബുദ്ധിയുള്ള, ഒരു ഏർപ്പാടുകാരൻ, അതുപോലെ ആവശ്യമാണ്.

### ഉരുക്കു കഷണങ്ങൾ

ഉരുക്കുകഷണങ്ങൾ വാച്ച് ആകുന്നതിനെക്കുറിച്ചു, ഡേവിഡ് ഹ്യൂം നിർണ്ണയിച്ച ആക്രമണത്തിൽ ആ വാദം കാണാൻ കഴിയും. അത്തരം പ്രവർത്തനത്തിനു "മനുഷ്യമനസ്സ്" ആവശ്യമാണ്, അല്ലാതെ "പല ഉരുക്കുകഷണങ്ങൾ" എറിഞ്ഞു ഒരുമിപ്പിച്ചാൽ, ആകൃതിയോ, രൂപമോ ഉള്ള, "വാച്ചായി ഒരിക്കലും തീരുകയില്ല" എന്ന് ഹ്യൂം സമ്മതിക്കയുണ്ടായി. എങ്ങനെയായാലും, അയാൾ വാദിച്ചതു, "തലച്ചോറിന്റെ ഈ ചെറിയ പ്രവർത്തനത്തെ നാം ചിന്തയെന്നു പറയുന്നു" അതു അപ്രധാനവും അപൂർണ്ണവുമാണ്. അതുകൊണ്ട് പ്രപഞ്ച സൃഷ്ടിയിൽ

അത്തരം മനുഷ്യ മനസ്സിന്റെ ഉപയോഗം അസാധ്യമെന്നത്[3] അതിനു മനുഷ്യന്റെ തലച്ചോറിന്റെ ആവശ്യം ഉണ്ടെങ്കിൽ – അതെത്ര അപ്രധാനവും അപൂർണ്ണവുമാണെങ്കിലും – വാച്ച് ഉണ്ടാക്കുവാൻ, ഉപയോഗിക്കുന്നതു അതാണ്, പക്ഷെ പ്രപഞ്ചസൃഷ്ടിക്കു അതിനേക്കാൾ എത്ര വലിയ ചിന്ത ഉണ്ടായിരിക്കണം!

**മനുഷ്യശരീരം**

അറുപത്തി – നാലു മൂലകങ്ങൾകൊണ്ടാണ് മനുഷ്യശരീരം ഘടിപ്പിച്ചിരിക്കുന്നത് എന്നു ചില രസതന്ത്രജ്ഞന്മാർ പറഞ്ഞിരിക്കുന്നു – യാദൃശ്ചികമായി ഉണ്ടായതല്ല – വ്യത്യസ്ത വ്യവസ്ഥയിൽ അവ സേവിക്കുന്നു (അസ്ഥികൂടം, പേശികൾ, ശ്വസനേന്ദ്രിയം, നാഡീവ്യൂഹം, ദഹനേന്ദ്രിയം, ബഹിർഗമനേന്ദ്രിയം, ഉല്പാദനേന്ദ്രിയം), എന്നിവ അത്ഭുതാവഹവും, സങ്കീർണ്ണവും, ഘടനാത്മകമായി ഘടിപ്പിച്ചിരിക്കുന്നു. ഒരു ശരീരത്തിൽ ആയിരം മയിലുകളോളം ഉള്ള രക്തധമനികൾ, 1.5 ദശലക്ഷം വിയർപ്പുഗ്രന്ഥികൾ, 700 ദശലക്ഷം ശ്വാസകോശങ്ങൾ 3 ട്രില്ല്യൻ നാഡീകോശങ്ങൾ, 3 ദശലക്ഷം വൈറ്റ്കോർപസൽകൾ, 180 ട്രില്ല്യൻ റെഡ് കോർപ്പസൽസ്, തുടങ്ങിയവ ആരോ – ഒരാൾ യോജിപ്പിച്ചിരിക്കുന്നു.

ആ അറുപത്തി – നാലു മൂലകങ്ങൾ ആകസ്മികമായി ഉണ്ടാവുകയും, യോജിച്ചു ഒന്നായി, സ്വയമായി റോഡിൽ നടക്കത്തക്ക ആളായി തീർന്നു എന്നു ചിന്തിക്കുന്ന ഒരാളോടു സംവാദിക്കുവാൻ പ്രയാസമാണ്. അതിശയിപ്പിക്കുന്ന ഭാഗത്ത്, ഡേവിഡ് ഹ്യൂം ഒരു യവന ഡോക്ടറിൽ (ഗലീൻ) നിന്നു അദ്ദേഹം മനുഷ്യശരീരത്തെക്കുറിച്ചു കണ്ടുപിടിച്ച യാഥാർത്ഥ്യത്താൽ അവിശ്വാസത്തിൽ നിന്നു പരിവർത്തനം ചെയ്തതു വിവരിക്കയുണ്ടായി. അദ്ദേഹം “284 എല്ലുകൾ എണ്ണുകയുണ്ടായി,” ഹ്യൂം പറഞ്ഞു, അവ നാല്പതിലധികം “ഉദ്ദേശങ്ങൾക്കായി,” “അതു ഒരു പ്രോഡീജിയസ് ഡിസ്പ്ളെ ഓഫ് ആർട്ടിഫീസ്” ആണ്. അതിശയമുണർന്നു ഹ്യൂം പറഞ്ഞു, ത്വക്കിലെ ലിഗമെന്റ്സും വെസൽസും “അതിന്റെ സംഖ്യയും ഇന്റിക്കസിയും കൃത്രിമമായി ഏർപ്പെടുത്തിയതായി തോന്നുമെന്ന്!” ഹ്യൂം പറഞ്ഞു, അറുന്നൂറു വ്യത്യസ്തമായ പേശികൾ “ഓരോന്നും ബുദ്ധിപരമായി വെച്ചു 6,000 ത്തിൽ [കൂടുതൽ] ഉദ്ദേശങ്ങൾക്കുള്ളതാണ്.” പിന്നെ തലച്ചോറ്! ഹ്യൂം സംശയാലുവായിരുന്നിട്ടു പറഞ്ഞു, “ഇപ്പോൾ ആർക്കു ഒരു പരമോന്നത ബുദ്ധിയെ സംശയിക്കുവാൻ കഴിയും?” ഹ്യൂമിനോടു ഒരാൾക്കു സഹതാപമേ തോന്നൂ, കാരണം ഒരു വിശ്വാസിയോടടുത്തു, തന്റെ സംശയത്തിൽ നിലനില്ക്കുകയാണ്.[4]

മനുഷ്യ ശരീരത്തിലെ ശ്രദ്ധേയമായ ഏർപ്പെടുത്തലിന്റെ മറ്റു ഉദാഹരണങ്ങളാണ് അതിലെ പ്രോട്ടീൻസ്. “ശരീരത്തിലെ ഓരോ അവയവവും, ഓരോ തരത്തിലുള്ള കോശവും, അതതു തരം പ്രത്യേക പ്രോട്ടീൻസ് ആണ് ഉല്പാദിപ്പിക്കുന്നതു, അവ ഓരോ ജീവനുള്ള ജീവികളിലും വ്യത്യസ്തമായിരിക്കും.” അമിനോ ആസിഡുകൾ കൊണ്ടു യോജിപ്പിച്ചിരിക്കയാണ് ഈ പ്രോട്ടീൻസ്. ഓരോ തരത്തിലുള്ള പ്രോട്ടീൻ

കോശങ്ങളെ ഒന്നിൽനിന്നു മറ്റൊന്നു വേർതിരിച്ചിരിക്കുന്നു. ഇരുപതു അമിനോ ആസിഡുകളാൽ മാത്രമാണ് അതിനുള്ള ഏർപ്പാടു വരുത്തിയിരിക്കുന്നത്. ശരീരത്തിന്റെ ഓരോ അവയവത്തിന്റേയും ആവശ്യത്തിനു വേണ്ട ശരിയായ പ്രോട്ടീനുകൾ സംയോജിപ്പിച്ചു ഓരോ ജീവനും ആക്രമിക്കത്തക്കതായിരിക്കുന്നു. ''ജീവൻ തികച്ചും അന്വേഷണത്തിനപ്പുറമാണെന്നു കണക്കു കൂട്ടാവുന്ന തലയുള്ളവർ ഈ പ്രോട്ടീനുകളുടെ അസംഖ്യം സാദ്ധ്യതകൾ തീർപ്പാക്കുന്നതാണ്." ഹോർമോൺ ഇൻസുലിൻ നിസാരമായ പ്രോട്ടീൻ ആണ്. അതു പതിനാറു അമിനോ ആസിഡുകൾ അടങ്ങുന്നതാണ്. ഹോർമോൺ ഇൻസുലിൻ "മറ്റു അസംഖ്യം ... സാധ്യതയുള്ള ഘടനകൾ അതേ രീതിയിലുള്ളതിനെ എടുത്തുമാറ്റുകയും ചെയ്യുന്നതാണ്" പതിനാറു ആസിഡുകൾ. മൊത്തം ഏർപ്പാടുകളുടെ സംഖ്യ "സിക്സ്" പ്ലസ് ഫിഫ്റ്റി – നൈൻ സീറോസ് ആണ്. ഇതിൽ ഒന്നാണ് സോർ ഇൻസുലിൻ ഉല്പാദിപ്പിക്കുവാൻ സാധ്യത.[5]

### സ്വർഗ്ഗീയ നിയമങ്ങൾ

ദേവന്മാർ ഉണ്ടെന്നതിനു തെളിവുകളാണ് ''കാലങ്ങളും, മാസങ്ങളും, വർഷങ്ങളും വിഭാഗിക്കപ്പെട്ടിരിക്കുന്നതു" എന്നു പ്ലാറ്റോ പറഞ്ഞു.[6] ''പകലും വെളിച്ചവും, വേനലും, ശൈത്യവും, വിതക്കാലവും, കൊയ്ത്തുകാലവും'' ഒരു നിയമകർത്താവിന്റെ ആവശ്യകത സൂചിപ്പിക്കുന്നു (ഉല്പത്തി 8:22).

1682–ൽ, ഒരു ഇംഗ്ലീഷുകാരനായ എഡ്മണ്ട് ഹാലി ബഹിരാകാശ ശാസ്ത്രജ്ഞൻ ഒരു വാൽ നക്ഷത്രത്തിന്റെ വഴി കണ്ടെത്തി. സെലെസ്റ്റ്യൽ നിയമം അനുസരിച്ചു ആ വാൽ നക്ഷത്രം ഓരോ എഴുപത്തി – ആറുവർഷവും പ്രത്യക്ഷപ്പെടുന്നു എന്നു കണ്ടെത്തി. അദ്ദേഹം 1742–ൽ മരിച്ചു, എങ്കിലും അതിനുശേഷം നാലുപ്രാവശ്യം (1758, 1835, 1910, 1986) ഹാലിയുടെ വാൽ നക്ഷത്രം പ്രത്യക്ഷമായി.

ഒരു അമേരിക്കൻ ബഹിരാകാശ ശാസ്ത്രജ്ഞൻ, പേർസിവെൽ ലോവെൽ, പൂർണ്ണവിശ്വാസത്തോടെ ഗ്രഹങ്ങൾ നിയമ – ബന്ധിതമായിട്ടാണിരിക്കുന്നതെന്ന് മുന്നറിയിക്കുകയും ഗ്രഹം സൂര്യനെ വലയം ചെയ്യുവാൻ 248 വർഷങ്ങൾ വേണ്ടിവരുന്ന ദൂരത്താണ് എന്നും പറഞ്ഞു. അദ്ദേഹത്തിന്റെ അരിസോണയിലെ, ഫ്ളാഗ്സ്റ്റാഫിലെ ടെലസ്ക്കോപ്പിലൂടെ 1905 മുതൽ, 1916–ൽ അദ്ദേഹം മരിക്കുന്നതുവരെ നോക്കി നിരാശപ്പെട്ടു. ഫ്ളാഗ്സ്റ്റാഫിലെ ലോവെൺലിന്റെ നിരീക്ഷണത്തെതുടർന്ന്, 1930–ൽ ക്ലൈഡ് ഡബ്ലിയു. ടോംബ ആദ്യമായി ഗ്രഹത്തെ കണ്ടു. അതിനു പ്ലൂട്ടോ എന്നു പേരിട്ടു.

പ്രകൃതി നിയമത്തിന്റെ വിശ്വാസികത 1504–ൽ ക്രിസ്റ്റഫർ കൊളംബസ് ജെമെയിക്കൻ നിവാസികളിൽ മേധാവിത്വം നേടി. ജമൈക്കൻ ദ്വീപിൽ സഹകരിക്കാത്ത നിവാസികളെ കൊളംബസ് ഭീഷണിപ്പെടുത്തുകയുണ്ടായി. "അവർ തങ്ങളുടെ ശത്രുത തുടർന്നു പോയാൽ ചന്ദ്രന്റെ പ്രകാശം നഷ്ടമാകും എന്നായിരുന്നു അത് (ഒരു മുഴുവനായ ഗ്രഹണം 1504 ഫെബ്രുവരി 29 നുണ്ടാകുമെന്നു റെജിയോ

മൊൺടേനിയസിന്റെ ബഹിരാകാശ കലണ്ടറിൽ നിന്നു അദ്ദേഹം അറിഞ്ഞിരുന്നു). ആ പ്രവചന നിവർത്തീകരണം ദ്വീപുവാസികളുടെ പ്രശ്നം തീർത്തു."[7]

ആകാശങ്ങളെ സംബന്ധിച്ചു, യഹൂദ തത്വജ്ഞാനിയായിരുന്ന ജൂഡിയാസ് ഫിലൊ (സി. 20 ബി.സി – ഏ.ഡി. സി. 50) പറഞ്ഞു, ''യാദൃശ്ചികത്വത്തിനു സ്ഥാനമില്ല,'' പക്ഷെ ''എല്ലാറ്റിനേയും ഭരിക്കുന്നതു നേരെ, ലംഘിക്കപ്പെടാത്ത നിയമങ്ങളാൽ" അത്രെ.[8] ഈ യോജിച്ച നിയമങ്ങൾക്കു പിന്നിൽ ഒരു വലിയ ദൈവത്തെ കാണുന്നതിനുപകരം, ഹ്യൂം പറഞ്ഞതു മുപ്പതിനായിരം ദൈവങ്ങൾ അല്ലെങ്കിൽ "അസംഖ്യം ദൈവങ്ങളുടെ സമൂഹം" തന്നെ ഉണ്ടാകാം. എങ്ങനെയായാലും, പ്രപഞ്ചത്തിലെ അടുത്ത യോജിപ്പു നയിക്കുന്ന ഒരു മനസ്സിനെക്കുറിച്ചു ചിന്തിക്കാനേ കഴിയൂ ... ഹ്യൂമിനു പറയാൻ കഴിഞ്ഞതിന്റെ തിരിച്ചടി ഒരു ഏർപ്പാട് കാണിക്കുന്നതു ആ വാദത്തിന്റെ നിർവ്വിവാദമായ സ്വഭാവമാണ്. അന്തമില്ലാത്ത ഒരു ചിലന്തി അതിന്റെ ഉള്ളിൽ നിന്നു പ്രപഞ്ചത്തിലേക്കു വല കെട്ടുന്നതായി ബ്രാമിൻസ് പറയുന്നു. "എന്തുകൊണ്ട്, ഒരു ക്രമമായ വ്യവസ്ഥ ഉദരത്തിൽ നിന്നും തലച്ചോറിൽ നിന്നും വലകെട്ടുന്നില്ല," ഹ്യൂം വാദിച്ചു, "തൃപ്തികരമായ വിവേചനം നല്കുവാൻ" പ്രയാസമാണ് എന്നു ഹ്യൂം പറഞ്ഞു.[9]

ചന്ദ്രനിലേയ്ക്കുള്ള യാത്രകൾ വിജയിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ പ്രകൃതി നിയമങ്ങളെ ഗണിതശാസ്ത്രത്തിലും യന്ത്ര പ്രവർത്തനങ്ങളിലും ആശ്രയിക്കുന്നതുകൊണ്ടാണ്. *അപ്പോളോ 14* ലെ യാത്രക്കാർ ആയ – അലൻ ബി. ഷെപേർഡ്, എഡ്ഗാർ ഡി. മിറ്റ്ച്ചെൽ, സ്റ്റുവർട്ട് റൂസ്സാ–1971, ഫെബ്രുവരി 5–നു യാത്ര വിജയകരമായി പൂർത്തിയാക്കി, ചന്ദ്രനിലെ ഫ്രാ മൗറോയിൽ ആറു – ദിവസ വൈമാനിക യാത്രയ്ക്കു ശേഷം എത്തിച്ചേർന്നു. വിമാനത്തിനു ഏതെങ്കിലും വിധത്തിലുള്ള യന്ത്രത്തകരാർ സംഭവിച്ചാൽ ബഹിരാകാശ യാത്രികർ കൊല്ലപ്പെടുകയും ആ ശ്രമം വിഫലമാവുകയും ചെയ്യും (ഓക്സിജൻ നിറച്ച ടാങ്ക് പൊട്ടി *അപ്പോളോ 13-ലെ* യാത്രക്കാർ അപകടത്തിലാകുകയും ദൗത്യം ഉപേക്ഷിക്കുകയും ചെയ്തു). *അപ്പോളോ 14 ലെ* യാത്രക്കാർ അത്തരത്തിൽ "ആ കാര്യത്തിൽ നമ്മെ കളിപ്പിക്കുകയുണ്ടായില്ല,'' എന്നു കമാന്റർ ഷെപേർഡ് പറഞ്ഞു. എങ്ങനെയായാലും, ഒരു കാര്യത്തിൽ ബഹിരാകാശ യാത്രക്കാർ തീർച്ചയായും വ്യാകുലരായില്ല: അതു ആൻടെയേഴ്സ് നക്ഷത്രത്തിൽ നിന്നുള്ള പ്രകാശത്തിൽ ആശ്രയിക്കുന്നതു സംബന്ധിച്ചാണ്, അതിനാലാണ് അവർക്കു ഫ്രാ മൗറോ ലക്ഷ്യമാക്കാനായത്. ആൻടെയേഴ്സ് എന്നതു ചുവന്ന ഒരു നക്ഷത്രവും ആദ്യത്തെ വിസ്തീർണ്ണത്തിലുള്ളതും, സൂര്യനേക്കാൾ ഇരുന്നൂറു മടങ്ങ് വലുപ്പം ഉള്ളതുമാണ്. അതു തെക്കുമാറി സ്ഥിരനക്ഷത്രവ്യൂഹത്തിലെ സ്കോർ പിയോ എന്നറിയപ്പെടുന്നു. അതു രണ്ടു ക്വാഡ്രില്ല്യൻ (2,170,307,520,000,000) മൈലുകൾ ഭൂമിയിൽ നിന്നും അകലെയാണ്; 1971, ഫെബ്രുവരി 5–നു ബഹിരാകാശയാത്രികരുടെ കണ്ണുതുറപ്പിച്ച പ്രകാശം, ആൻടെയേഴ്സ് 370 വർഷങ്ങൾക്കു മുൻപു 1601–ൽ വിട്ടതാണ്. ആ

പ്രകാശം ബഹിരാകാശത്തിലെ ഒരു സ്ഥലത്തുനിന്നു വരുന്നതിനാൽ, ബഹിരാകാശ യാത്രക്കാർക്കു അവരുടെ പേടകം ചന്ദ്രനിലേക്കു നീക്കുവാൻ സഹായിക്കുക മാത്രമല്ല, ചന്ദ്രനിൽ ഏതു ഭാഗത്ത് ഇറങ്ങണമെന്നു അവർ ആഗ്രഹിച്ചുവോ, അവിടെ ഇറങ്ങുവാനും കഴിഞ്ഞു. ബഹിരാകാശ യാത്രക്കാരും ഗണിത ശാസ്ത്രജ്ഞരും *അപ്പോളോ 14 ലെ* യാത്ര ചെയ്തവരും ആകാശനിയമത്തിലെ കൃത്യത യിലുള്ള വിശ്വാസം നിമിത്തം അവരുടെ ജീവൻ സാഹസത്തിൽ തന്നെ ഏല്പിച്ചു. പ്രകൃതി നിയമങ്ങളുടെ കൃത്യത മനുഷ്യർ ശരിയായി നിരൂപണം നടത്തിയിരുന്നില്ലെങ്കിൽ ആ ബഹിരാകാശയാത്രക്കാർക്ക് ചന്ദ്രനിൽ എത്തുവാനോ പിന്നീട് തിരിച്ചു വരുവാനോ സാധിക്കു മായിരുന്നില്ല.

ഇരുപതാം നൂറ്റാണ്ടിലെ ''പുതിയ ഊർജ്ജതന്ത്രം'' (പരമാണുക്കളിൽ ഉള്ള ഇലക്ട്രോണുകളുടെ ചലനത്തിന്റെ അനിശ്ചിതത്വം ഹെയിസെൻബർഗ്ഗ് പ്രിൻസിപ്പിൾ അനുസരിച്ച്) പരമാണുക്കളിൽ നിയമലംഘനം കാണുകയുണ്ടായി. പ്രകൃതിയിലെ മറ്റു ഭാഗങ്ങളിൽ എല്ലാം ഉള്ള മാറ്റമില്ലാത്ത നിയമം എന്നാണ് അറിയപ്പെടുന്നത് (മനഃശാസ്ത്രം ഒഴികെ), ഊർജ്ജതന്ത്ര വിദഗ്ദ്ധർ എടുത്തുചാടി തീർപ്പു കല്പിക്കാതിരുന്നെങ്കിൽ നന്നായിരുന്നു. പരമാണുക്കളിൽ നിയമ രഹസ്യം ഇല്ല, എന്നതാണ് വസ്തുത. ഷിക്കാഗോയിലെ അറ്റോമിക് എനെർജി കമ്മീഷന്റെ ലബോറട്ടറിയിൽ ഊർജ്ജതന്ത്രജ്ഞനായ ഡോ. ജോൺ എച്ച്. മാർട്ടിൻ (ആർഗോൺ നാഷണൽ ലബോറട്ടറി), പറഞ്ഞു. പരമാണു സംബന്ധമായ ചെറിയ കണികകൾ "ഒരു പുതിയ ഊർജ്ജതന്ത്ര ക്രമത്തെ പ്രതിനിധാനം ചെയ്യുന്നു എന്നുതോന്നുന്നു ... അവ ക്രമമായി പ്രവർത്തിക്കുകയും ചെയ്യും." "ഒരു ഇലക്ട്രോണിനു ഒരേ സമയം രണ്ടു വ്യത്യസ്ത സ്ഥലങ്ങളിലൂടെ കടന്നു പോകുവാൻ കഴിയും." നമുക്കു പ്രകൃതിയെ അറിയാവുന്നതുകൊണ്ട്, നിയമത്തിനു എതിരാണ്, പക്ഷെ സ്പഷ്ടമായും ഇതു ഇലക്ട്രോണുകളുടെ നിയമമാണ്.[10]

**ഉപസംഹാരം**

മനുഷ്യന്റെ യുക്തിക്കു മുൻപു പ്രകൃതിയുടെ യുക്തി ഉണ്ടാകണം, മുൻകൂട്ടിയുള്ള ബുദ്ധിശക്തിയില്ലാതെ ഒരു വ്യക്തിത്വവും ഉണ്ടാകുന്നില്ല. ദൈവിക യുക്തിത്വമായാലും മനുഷ്യ യുക്തിത്വമായാലും അതു അദൃശ്യമാണ്.

അതിനുള്ള തെളിവു പ്ലാറ്റോയുടെ കാലത്തേക്കാൾ ഈ നൂറ്റാണ്ടിൽ കൂടുതലായി ബോധ്യമാകുന്നതാണ്.

---

കുറിപ്പുകൾ

[1]യെശയ്യാവു 45:18 നോക്കുക. കുഴപ്പം ഒരു സ്ഥലം ആകാം "അതിൽ ഒരേ

സംഭവം ഒരിക്കലും സംഭവിച്ചിട്ടില്ല, നൺ റിക്കേർഡ്, യൂണിവേഴ്സൽസ് ഹാഡ് നോ പ്ലെയിസ്, റിലേഷൻസ് നോ ഫിക്സിറ്റി, തിങ്സ് നോ നെക്സസ് ഓഫ് ഡിട്ടെർമിനേഷൻ" (എഫ്. ആർ. ടെന്നന്റ്, *ഫിലോസഫിക്കൽ തിയോളജി* [കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രെസ്, 1956], 2:60). [2]ചില സ്ഥലങ്ങളിൽ പാസ്താ മുറിച്ചിട്ടു സൂപ്പുണ്ടാക്കും, അതുപോലെയാണ് അക്ഷരമാല. [3]ഡേവിഡ് ഹ്യൂം, "ദ ഡയലോഗ്സ് കൺസേണിങ് നാച്ചുറൽ റിലീജിയൻ," ഇൻ *ഹ്യൂം സെലക്ഷൻസ്*, എഡ്. ചാൾസ് ഡബ്ലിയു. ഹെന്റൽ ജ്യൂനിയർ (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1955), 308–9. [4]ഇബിഡ്., 385–86. [5]കെ. യു. ലിണ്ടർസ്റ്റ്രോം - ലാംഗ്, "ഹൗ ഇസ് ഏ പ്രോട്ടീൻ മെയിഡ്?" *സയന്റിഫിക് അമേരിക്കൻ* (സെപ്റ്റംബർ 1953): 100–6. [6]പ്ലാറ്റോ, *ദ വർക്സ് ഓഫ് പ്ലാറ്റോ*, ബുക്ക് X, *ലാസ്*, ട്രാൻസ്. ബി. ജോവെറ്റ് (ന്യൂയോർക്ക്: ഡയൽ പ്രെസ്, എൻ. ഡി.), 453. [7]*എൻസൈക്ലോപീഡിയ അമേരിക്കാനാ*, 1965 എഡ്., എസ്.വി "എക്ലിപ്സ്," ബൈ എലോയിസ് മെക് കാസ്ക്കിൽ. [8]ഹ്യൂം, 339. [9]ഇബിഡ്., 345. [10]ജോൺ എച്ച്. മാർട്ടിൻ, *സയന്റിസ്റ്റ്സ് ഹു ബിലീവ്* (എൽജിൻ, ഇല്ലി.: ഡേവിഡ് സി. കുക്ക് പബ്ലിഷിങ് കമ്പനി., 1963), 42–43.

© 2009 Truth for Today